സംവാദം

അബ്ദുല്ലത്വീഫ് കൊടുവള്ളി

മഴവിൽ ലോകത്തെ ഇസ്‌ലാം

# ബഹുസ്വരതയും അല്ലാഹുവിന്റെ ഇഛയും

**ബഹുസ്വരസമൂഹത്തിലെ** ഇസ്‌ലാമിക പ്രതിനിധാനത്തെക്കുറിച്ച് വാരികയിൽ തുടരുന്ന സംവാദത്തിന്റെ മുഖ്യധ്വനി 'ബഹുസ്വരത ഇസ്‌ലാമിന്റെ ലക്ഷ്യ'മാണെന്ന തരത്തിലാണ്. ഈയിടെ ചിലരുടെ പ്രസംഗങ്ങളിലും ഇതുതന്നെ കേട്ടു. ഇത് പ്രച്ഛന്നമായ സർവമതസത്യവാദമാണ്. നന്നെ ചുരുങ്ങിയത് സൂക്ഷ്മതയില്ലാത്ത പരാമർശമെങ്കിലുമാണ്.

ബഹുസ്വരത എന്നത് പുതുകാല പ്രതിഭാസമൊന്നുമല്ല. ആദികാലം മുതൽക്കെ അതുണ്ട്. ചരിത്രത്തിന്റെ ഒഴുക്കിൽ അത് വർധിച്ചിട്ടുണ്ടെന്നു മാത്രം. ബഹുസ്വരങ്ങളെയും വർണങ്ങളെയും ദൈവാഭീഷ്ടത്തിനനുസൃതമായി ഏകാത്മകമാക്കിയെടുക്കുകയായിരുന്നു പ്രവാചകന്മാരുടെ ദൗത്യം. 'ദൈവങ്ങളെ അവൻ ഒന്നാക്കി മാറ്റിയോ?' (*സ്വാദ്* 5) എന്ന നിഷേധികളുടെ ചോദ്യവും 'അല്ലാഹുവിനേക്കാൾ നന്നായി വർണം നൽകുന്നവനായി ആരുണ്ട്?' (*അൽബഖറ* 138) എന്ന അല്ലാഹുവിന്റെ ചോദ്യവും, സകല വർണങ്ങൾക്കും സ്വരങ്ങൾക്കും അതീതവും അല്ലാഹുവിന് ഏകപഥ്യവുമായ വർണത്തെയും സ്വരത്തെയും ഉദാത്തവൽക്കരിക്കുകയാണ് ചെയ്യുന്നത്. 'മഴവിൽ വർണരാജി'യിൽ കണ്ണു മഞ്ഞളിക്കുകയോ ഇതര സ്വരങ്ങളുടെ ബഹളങ്ങളിൽ തനതു സ്വരം താഴ്ത്തുകയോ ചെയ്ത ഇസ്‌ലാമിനെ ചരിത്രം പരിചയിച്ചിട്ടില്ല. കള്ളനെ ഭയന്നിരുന്ന ഒരു വീട്ടമ്മ, ഭക്ഷണം കഴിക്കുമ്പോൾ പൊരിച്ച പപ്പടം പൊട്ടുന്ന ശബ്ദം കള്ളൻ കേൾക്കാതിരിക്കാൻ അത് വെള്ളത്തിൽ കുതിർത്ത് തിന്ന കഥ ഓർത്തുപോവുകയാണ്. നനഞ്ഞ പപ്പടവും പടക്കവും ഇസ്‌ലാമിന് ഒട്ടും ചേരില്ല. ഇസ്‌ലാമിന്റെ സ്വരം ഇങ്ങനെ സൈലൻസർ ഘടിപ്പിച്ച് ഒതുക്കാൻ ശ്രമിക്കരുത്. സ്വരങ്ങളുടെ സ്വരവും വർണങ്ങളുടെ വർണവുമാണ് ഇസ്‌ലാം. 'എല്ലാ ദീനുകളെയും അതിജയിക്കാൻ വേണ്ടി' എന്ന് ഖുർആൻ ഇസ്‌ലാമിനെ പച്ചക്ക് വിശേഷിപ്പിക്കുമ്പോൾ, വാഹനങ്ങളുടെ പെരുക്കത്തിൽ ചവിട്ടിക്കൊണ്ടുപോകാൻ കഴിയാത്തതിനാൽ സൈക്കിൾ ഉന്തിക്കൊണ്ടുപോകേണ്ടിവരുന്ന യാത്രക്കാരന്റെ ദുർഗതി ഇസ്‌ലാമിന് നാമായിട്ടു വരുത്താതിരിക്കണം.

യഹൂദ-ക്രൈസ്തവ-ബഹുദൈവ വിശ്വാസങ്ങളുടെ പ്രാതിനിധ്യം അംഗീകരിച്ചുകൊണ്ട് സ്ഥാപിതമായ മദീനാ രാഷ്ട്രം ആദ്യഘട്ടത്തിൽ ത്രൈസ്വരമായിരുന്നുവെങ്കിലും, ഏതാനും വർഷങ്ങൾക്കകം ഏകസ്വര (ഇസ്‌ലാമികസ്വരം) മായത് ചരിത്ര സത്യം. അത് സ്വാഭാവിക പരിണതി മാത്രമായിരുന്നില്ല, ഇസ്‌ലാമിന്റെ ലക്ഷ്യവുമായിരുന്നു. ബഹുസ്വരതയെ യാഥാർഥ്യമായി അംഗീകരിക്കുന്ന ഇസ്‌ലാം അവക്കതീതമായി ഏകാത്മക ഇസ്‌ലാമിക മാനവലോകം കെട്ടിപ്പടുക്കുകയാണ് ചെയ്തത്. ബഹുസ്വരത ഇസ്‌ലാമിനെ സംബന്ധിച്ചേടത്തോളം തത്ത്വമല്ല, നയമാണെന്നർഥം. 'സമൂഹത്തെ ബഹുസ്വരമാക്കുക എന്ന ധർമമാണ് യഥാർഥത്തിൽ ഇസ്‌ലാം നിർവഹിച്ചത്' എന്ന പരാമർശം (ലക്കം 5) ഒട്ടും ശരിയല്ല. നബി(സ) പറയട്ടെ: "അറിയുക, നിശ്ചയം എന്റെ നാഥൻ നിങ്ങൾക്കറിയാത്തത് നിങ്ങളെ പഠിപ്പിക്കാൻ ഇന്നേ ദിവസം എന്നോട് കൽപിച്ചിരിക്കുന്നു.... ഞാൻ എന്റെ ദാസന്മാരെ മുഴുവൻ ഋജുമാനസരായാണ് (ഏക സ്വരരായും ഏകവർണരായും എന്ന് പുതിയ ഭാഷ്യം) സൃഷ്ടിച്ചിരിക്കുന്നത്. പക്ഷേ, പിശാചുക്കൾ അവരെ അവരുടെ ദീനിൽനിന്ന് തെറ്റിച്ചുകളഞ്ഞു. ഞാൻ അനുവദിച്ചതൊക്കെയും അവർ അവർക്ക് നിഷിദ്ധമാക്കി. ഞാൻ യാതൊരു തെളിവും അവതരിപ്പിച്ചിട്ടില്ലാത്തതിനെ പങ്കുചേർക്കാൻ അവർ അവരോട് കൽപിച്ചു...." (മുസ്‌ലിം, *കിതാബുൽ ജന്ന*, ബാബുസ്സ്വിഫാത്ത്). മാനവരാശിയുടെ 'ഏകസ്വരം' പൈശാചിക ഇടപെടലുകൾ വഴി ബഹുസ്വരമായി ശ്ലഥമാവുകയായിരുന്നു, ഏക ദൈവികവർണം ബഹുവർണമായി വികൃതമാവുകയായിരുന്നു എന്നു സാരം.

'ബഹുസ്വരത ഇസ്‌ലാമിന്റെ ലക്ഷ്യമാണെ'ന്ന് സ്ഥാപിക്കാനായി ഉദ്ധരിക്കപ്പെടാറുള്ള *ഹൂദ്* അധ്യായത്തിലെ 118,119 സൂക്തങ്ങൾ, "നിന്റെ നാഥൻ ഇഛിച്ചിരുന്നുവെങ്കിൽ അവൻ മുഴുവൻ മനുഷ്യരെയും ഒരൊറ്റ സമുദായമാക്കുമായിരുന്നു. എന്നാൽ അവർ ഭിന്നിച്ചുകൊണ്ടേയിരിക്കും. നിന്റെ നാഥൻ അനുഗ്രഹിച്ചവരൊഴികെ. അതിനുവേണ്ടിയാണവരെ അവൻ സൃഷ്ടിച്ചിരിക്കുന്നത്.....". മാനവസമൂഹം ബഹുസ്വരമായിരിക്കുമെന്ന് മേൽസൂക്തങ്ങൾ സ്ഥാപിക്കുന്നുണ്ടെങ്കിലും, 'അതിനുവേണ്ടിയാണ് അവൻ അവരെ സൃഷ്ടിച്ചത്'

എന്ന സൂക്തത്തെ അത് അല്ലാഹുവിന്റെ ഇഛയായി തെറ്റായി വ്യാഖ്യാനിക്കുകയാണ് ചിലരെങ്കിലും ചെയ്യുന്നത്. അല്ലാഹുവിന്റെ ഇഛ രണ്ടു തരമാണ്. ഒന്ന്, പ്രാപഞ്ചികം (തക്വീനി), രണ്ട്, വിധിപരം അഥവാ നിയമപരം (തശ്‌രീഈ). പ്രാപഞ്ചിക ഇഛയുടെ ഭാഗമായുള്ള പ്രസ്താവമാണ് ഖുർആനിലെ തക്വീനീ പരാമർശങ്ങൾ. അതായത്, അല്ലാഹു ആരെയും നിർബന്ധിച്ച് വിശ്വാസിയോ അവിശ്വാസിയോ ആക്കില്ല. ഇക്കാര്യത്തിൽ എക്കാലവും മനുഷ്യർക്കിടയിൽ ഭിന്നത നിലനിൽക്കും എന്നു സാരം. അതേസമയം, അല്ലാഹുവിന്റെ നിയമപരമായ ഇഛ എല്ലാ മനുഷ്യരും സന്മാർഗപ്രാപ്തരാകണമെന്ന് തന്നെയാണ്. 'അല്ലാഹു തന്റെ അടിമകൾക്ക് സത്യനിഷേധം ഇഷ്ടപ്പെടുന്നില്ല', 'ജിന്നുവർഗത്തെയും മനുഷ്യരെയും എനിക്ക് ഇബാദത്ത് ചെയ്യാനായല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല', 'നിങ്ങളുടെ ഈ സമുദായം ഏകസമുദായമാണ്. ഞാൻ നിങ്ങളുടെ നാഥനാണ്. നിങ്ങൾ എന്നെ വണങ്ങുക' മുതലായ സൂക്തങ്ങൾ ഏകമാത്രമായ ദൈവിക ഇഛയെ ഉയർത്തിപ്പിടിക്കുന്നവയാണ്. മനുഷ്യർ ഭിന്ന സ്വരക്കാരായിരിക്കണമെന്നതാണ് അല്ലാഹുവിന്റെ നിയമപരമായ (തശ്‌രീഈ) ഇഛയെങ്കിൽ പ്രവാചകന്മാരെ നിയോഗിച്ച് മനുഷ്യരെ നന്നാക്കാൻ ശ്രമിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല.

ഇസ്‌ലാമിക ചരിത്ര വ്യാഖ്യാനമനുസരിച്ച് സമൂഹം എക്കാലവും 'ബ്ലാക് ആന്റ് വൈറ്റ്' അല്ല, ബ്ലാക്(സ്) ആന്റ് വൈറ്റായിരിക്കും. ഇസ്‌ലാമേതരമായ എല്ലാം ബ്ലാക് തന്നെ. അഥവാ, അന്ധകാരങ്ങൾ (ളുലുമാത്ത്). 'എല്ലാ നബിമാർക്കും മനുഷ്യരിലെയും ജിന്നുകളിലെയും പിശാചുക്കൾ ശത്രുക്കളായുണ്ടായിരുന്നു' (*അൽ അൻആം* 112) എന്ന സൂക്തം ലോകാന്ത്യം വരെയുള്ള എല്ലാ ഇസ്‌ലാംവിരുദ്ധ ശക്തികളെയും ഉൾക്കൊള്ളുന്നുണ്ട്. "അതിനുവേണ്ടിയാണ് അവൻ അവരെ സൃഷ്ടിച്ചത്" എന്ന സൂക്തഭാഗം ഇങ്ങനെയല്ല നാം മനസ്സിലാക്കുന്നതെങ്കിൽ, "അധികജനങ്ങളും ചിന്തിക്കുന്നില്ല, അധിക ജനങ്ങളും ഗ്രഹിക്കുന്നില്ല, അധിക ജനങ്ങളും നന്ദി ചെയ്യുന്നില്ല" മുതലായ സൂക്തഭാഗങ്ങളെയും അങ്ങനെ തന്നെ മനസ്സിലാക്കി ചിന്തിക്കുകയോ ഗ്രഹിക്കുകയോ നന്ദി പ്രകാശിപ്പിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല എന്ന് തീരുമാനിക്കേണ്ടിവരും. സത്യത്തിൽ അതല്ലല്ലോ സൂക്തങ്ങളുടെ വിവക്ഷ. 'നിന്റെ നാഥൻ അനുഗ്രഹിച്ചവരൊഴികെ. അതിനു വേണ്ടിയാണ് അവരെ സൃഷ്ടിച്ചിരിക്കുന്നത്' എന്നതിന് അല്ലാഹുവിന്റെ ഹിദായത്ത് സ്വീകരിച്ച് അനുഗൃഹീതരാവാനാണ് അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചതെന്ന പ്രബലമായ മറ്റൊരു വ്യാഖ്യാനവുമുള്ള കാര്യം ശ്രദ്ധിക്കേണ്ടതാണ് (ഇബ്നു കസീർ കാണുക).

ശിർക്ക് ബിദ്അത്തുകൾ എക്കാലത്തുമുണ്ടായിട്ടുണ്ട്. അവയുടെ തീവ്രതയുടെ തോതനുസരിച്ച് അതത് കാലങ്ങളിൽ അവക്കെതിരെ ബഹുമുഖ പ്രതിരോധങ്ങളും നടന്നിട്ടുണ്ട്. സൗമനസ്യത്തിന്റെയോ സ്വരൈക്യത്തിന്റെയോ പേരിൽ ഇവയെ ന്യായീകരിക്കാനാവില്ല. ന്യായീകരിക്കേണ്ടതുമില്ല. ഖുർആന്റെയും സുബദ്ധമെന്നു തോന്നിയ ഹദീസുകളുടെയും വെളിച്ചത്തിൽ സത്യത്തോട് കൂടുതൽ അടുത്തുനിൽക്കുന്ന നിലപാട് എന്ന നിലയിലാണ് പൂർവകാല മുസ്‌ലിംകൾക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടായത്. ഈ അർഥത്തിൽ അവ ബഹുസ്വരവുമാണ്. എന്നുവെച്ച്, തൗഹീദ് സ്ഥാപിക്കാനായി അവതരിച്ച സൂക്തങ്ങൾ പോലും ശിർക്ക് സ്ഥാപിക്കാൻ വളച്ചൊടിക്കുന്ന പൗരോഹിത്യ ദുഷ്പ്രഭുത്വത്തിന്റെ ഈ കലികാലത്ത് ബിദ്അത്തുകൾക്ക് 'പുതു ആവിഷ്കാരങ്ങൾ' എന്ന നല്ല മലയാളം നൽകിയതുകൊണ്ടായില്ല. ശിർക്കും ബിദ്അത്തുമെല്ലാം എക്കാലത്തും ഇസ്‌ലാമിക തത്ത്വസംഹിതയിലെ ഗൗരവാഹമായ വിഷയങ്ങളാണ്. പ്രവാചക ചര്യകളോടെന്നതിനേക്കാൾ, ഏതൊക്കെയോ വാറോലകളോടാണ് സമുദായം എന്നും ആഭിമുഖ്യം കാണിച്ചുപോന്നിട്ടുള്ളത്. സമുദായത്തെ ഖുർആനിലേക്കും സുന്നത്തിലേക്കും തിരിക്കുകയെന്നത് എക്കാലത്തെയും നവോത്ഥാന പ്രസ്ഥാനങ്ങളുടെ ദൗത്യമായത് അതുകൊണ്ടാണ്. പ്രാമാണിക ഇസ്‌ലാമിക പൈതൃകത്തിൽ പുണ്യസ്ഥാനീയമായ ഒട്ടേറെ ഐഛിക വ്രതങ്ങൾക്ക് പരിഗണന പോലും നൽകാതെ, ഒരു തുമ്പും തെളിവുമില്ലാത്ത ബറാഅത്ത് നോമ്പും മറ്റും നോൽക്കാൻ സമുദായത്തിലെ മഹാഭൂരിപക്ഷവും മത്സരിക്കുന്നത് ഈ തല തിരിഞ്ഞ 'പുത്തൻ ആവിഷ്കാരം' കാരണമാണ്. ഇസ്‌ലാമിനെ സാംസ്കാരികം, രാഷ്ട്രീയം, ആത്മീയം എന്നിങ്ങനെ പല തായി വിഭജിച്ച ആവിഷ്കാരങ്ങളും തഥൈവ. ഇവയേയെല്ലാം സാമൂഹിക യാഥാർഥ്യങ്ങൾ എന്ന നിലയിൽ ഉൾക്കൊള്ളാൻ നാം പാകപ്പെടണമെന്നത് ശരിയാണെങ്കിലും ബഹുസ്വരതയുടെ പേരിൽ അവയെ പ്രോത്സാഹിപ്പിക്കുന്നത് ഒട്ടും ശരിയല്ല. ഒന്നുകിൽ കുരിക്കളുടെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത് എന്ന അവസ്ഥ ആയിക്കൂടാ.

ഇതര സമൂഹങ്ങളുമായുള്ള മുസ്‌ലിംകളുടെ വേഴ്ചയും ലയവും എത്ര മുതൽ ഏതുവരെയെന്നത് ഇസ്‌ലാമിക പ്രമാണങ്ങളിൽ അവഗാഹമുള്ളവരാണ് നിർണയിക്കേണ്ടത്. അതിനവർ തയാറാവണം. ഇല്ലെങ്കിൽ ബഹുസ്വരതയുടെ പേരിൽ ഇസ്‌ലാമിന്റെ മൗലിക വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും കളങ്കപ്പെടുന്ന അവസ്ഥയുണ്ടാവും. ജീവിതത്തിന്റെ സകല മേഖലകളിലും ഇതരരുമായി ഇഴുകിച്ചേരുന്നതോടൊപ്പം തന്നെ ബഹുദൈവാരാധനാപരമായ എല്ലാറ്റിൽനിന്നും മുസ്‌ലിംകൾ വിട്ടുനിന്നേ പറ്റൂ. അതേപോലെ, സൗഹൃദ സംസ്ഥാപനത്തിന് പെരുന്നാൾ, വിവാഹം, സമൂഹസദ്യകൾ പോലുള്ളവ ധാരാളം വേറെയുണ്ടെന്നിരിക്കെ, തികച്ചും ആത്മീയപ്രധാന അനുഷ്ഠാനമായ വ്രതത്തെ ബഹുസ്വരതയുടെ പേരിൽ സൽക്കാരമേളയാക്കി മാറ്റുന്ന ഇഫ്ത്വാറുകളെക്കുറിച്ച പുനരാലോചന വേണ്ടതുണ്ട്.■